# ലിറ്റിൽ കൈറ്റ്സ്

## 2018-2019

# മഴവില്ല്




### സി.ജെ.എച്ച്.എസ്.എസ്
### ചെമ്മനാട്

# ഡിജിറ്റൽ

# മാഗസിൻ

## സി.ജെ.എച്ച്.എസ്.എസ് ചെമ്മനാട്

## 2018-2019

# അണിയറ ശിൽപികൾ

ചീഫ് എഡിറ്റർ : ശ്രീ രാജീവൻ കെ ഒ

സ്റ്റാഫ് എഡിറ്റർ : ശ്രീവിദ്യ എൻ എം

സ്റ്റുഡന്റ് എഡിറ്റർ : സഹദ് മുഹമ്മദ് കെ

എഡിറ്റോറിയൽ അംഗങ്ങൾ:

അരുന്ധതി

മുൻഷാന

ഖദീജത്ത് അഫ്ന

ഹലീമത് ഫിദ

ഫാത്തിമത്ത് രിഫാന

# ഉള്ളടക്കം



| | |
|---|---|
| ആമുഖം | 5 |
| പെയ്ന്റിങ്ങ് | 6 |
| അമ്പിളി - കവിത | 7 |
| എന്നു പ്രാണന്റെ സ്വന്തം-ലേഖനം | 8 |
| കാർട്ടൂൺ | 10 |
| അപ്പുവിന്റെ മുത്തശ്ശൻ-കഥ | 11 |
| വികാരം -കവിത | 13 |
| വേണമെനിക്ക് -കവിത | 14 |
| മഴ വന്നു -കവിത | 15 |
| കുഞ്ഞുപദേശങ്ങൾ -കുറിപ്പ് | 16 |
| എന്റെ കളിക്കൂട്ടുകാരി -കവിത | 18 |
| ദ സീ- കവിത | 19 |
| പോയിമറയുന്ന നിമിഷങ്ങൾ -കവിത | 20 |
| പ്രകൃതി -കവിത | 21 |
| പെയ്ന്റിങ്ങ് | 22 |
| IYPT – ലേഖനം | 23 |
| സഹോദരിയുടെ സ്നേഹ -കഥ | 25 |
| പെയ്ന്റിങ്ങ് | 27 |
| പുതുവർഷം - ലേഖനം | 28 |
| ലോക പർവ്വതദിനം | 30 |
| സ്കൂൾ ലൈഫ് - കുറിപ്പ് | 33 |
| പെയ്ന്റിങ്ങ് | 34 |
| നന്ദി | 35 |

# ആമുഖം

വിദ്യാലയങ്ങളിൽ നടത്തപ്പെടുന്ന ദൈനംദിന പഠനപ്രവർത്തനങ്ങളുടെആസൂത്രണത്തിലും നടത്തിപ്പിലും സാങ്കേതികസൗകര്യങ്ങളുടെ പ്രയോഗത്തിലും വിദ്യാർഥികളെക്കൂടി സമുചിതമായി പങ്കാളികളാക്കേണ്ടത് ആ പ്രവർത്തനങ്ങളുടെ ഫലപ്രദവും വിജയകരവുമായ നടത്തിപ്പിൽ അനുപേക്ഷണീയമാണ് .അതിനുവേണ്ടി സാങ്കേതിക വിദ്യയിൽ അഭിരുചിയും കഴിവുമുള്ളകുട്ടികളുടെ ഒരു സംഘം വിദ്യാലയങ്ങളിൽ രൂപപ്പെടുത്തിയെടുക്കാനാണ് ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ ടി കൂട്ടായ്മ വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നത്. ഇ കൂട്ടായ്മയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി ഞങ്ങൾ സമർപ്പിക്കുന്നു

" മഴവില്ല് "

# പെയ്ന്റിങ്ങ്



വിഷ്ണു ഉദയ് IX-D

# അമ്പിളി

ആയിരം നക്ഷത്രങ്ങൾക്ക് സഹപാഠിയായ്
രാത്രി സഞ്ചാരികൾക്ക് വഴികാട്ടിയായ്
ഇരുളിനെ മറയ്ക്കുന്ന വെളിച്ചമായ്
നിൽക്കയാണതി ശോഭയായ് !
താമരക്കുമ്പിളിൽ സൂക്ഷിച്ച് വെച്ച
നീല നിലാവ് ചൊരിഞ്ഞ്,
നിശയുടെ ഭംഗി മാറ്റ്കൂട്ടി
വിടരുകയാണ് അമ്പിളി മാനത്തെങ്ങും
പകൽ മുഴുവൻ പൂവിട്ട സൂര്യകാന്തിയും
അന്തിയോളം പണിയെടുത്ത കൃഷിക്കാരനും
തീറ്റതേടി അലയുന്ന പക്ഷിക്കൂട്ടവും
നിനക്കായ് കാത്തിരിക്കുന്നു
ഒന്നു വിശ്രമിക്കുവാൻ,
തല ചായ്ക്കുവാൻ...

അയിഷ നസ്ല

# എന്നും

# പ്രാണന്റെ സ്വന്തം

ജീവികൾക്ക് അവരുടെ ജീവൻ നിലനിർത്താൻ അത്യാവശ്യമുള്ള വാതകമാണ് ഓക്സിജൻ. അതിന്റെ അഭാവത്തിൽ ഉടനെ പ്രാണൻ നഷ്ടപ്പെടുന്നതിനാലാണ് പ്രാണവായു എന്ന് പേര് വന്നത്. ഭൂമിയിൽ സ്വതന്ത്ര ഓക്സിജൻ ഇല്ലാത്ത കാലമുണ്ടായിരുന്നു. ഓക്സിജൻ ആവശ്യമില്ലാത്ത അവായവ സൂക്ഷ്മജീവീകളാണ് പരിണമ ഘട്ടത്തിൽ ജീവികൾ ഉടലെടുത്തപ്പോൾ ആദ്യം രൂപപ്പെട്ടത്. അവയിൽ നിന്ന് പ്രകാശ സംശ്ലേഷണത്തിനു കഴിവുള്ള ജീവികൾ പരിണമിച്ചുണ്ടായ ശേഷമുണ്ടായ ഭൂമാന്തരീക്ഷത്തിൽ സ്വാതന്ത്ര ഓക്സിജൻ വന്നു തുടങ്ങിയത്.

## ആവർത്തനപട്ടികയിൽ

ചാൽക്കോജൽ എന്നറിയപ്പെടുന്ന പതിനാറാം ഗ്രൂപ്പിലും രണ്ടാമത്തെ പിരീഡിലുമാണ് ഓക്സിജന്റെ സ്ഥാനം. എട്ട് വീതം ഇലക്ട്രോണുകളും പ്രോട്ടോണുകളുമുള്ളതിനാൽ ആറ്റോമിക്ക് നമ്പർ 8 ആണ്. ഓക്സിജന്റെ പ്രതീകം 'O' ആണ്. അന്തരീക്ഷ വായുവിൽ ഏറ്റവും കൂടുതലായി കാണുന്ന ഐസോടോപ്പിന് 8 ന്യൂട്രോണുള്ളതിനാൽ മാസ്സ്

നമ്പർ 16 ആണ്. ഏറ്റവും കൂടുതൽ ഇലക്ട്രോനെഗറ്റിവിറ്റിയുള്ള രണ്ടാമത്തെ മൂലകവും പ്രപഞ്ചത്തിൽ ഏറ്റവും കൂടുതലുള്ള മൂന്നാമത്തെ മൂലകവുമാണ് ഓക്സിജൻ.

## എല്ലാവരോടും അടുപ്പം

ബാഹ്യതമ ഷെല്ലിൽ ആറ് ഇലക്ട്രോണുകൾ ആയതിനാൽ രണ്ടെണ്ണം കൂട്ടിച്ചേർത്ത് സ്ഥിരതയുള്ള ശ്രമത്തിലാണ് എപ്പോഴും ഊ ആറ്റം. അതിനാൽ ക്രിയാശീലം വളരെ കൂടുതലാണ്. ഏതാണ്ട് എല്ലാ മൂലകങ്ങളുമായും രാസപ്രവർത്തനത്തിലേർപ്പെട്ട് അവയെ ഓക്സൈഡുകളാക്കി മാറ്റും. ഹൈഡ്രജന്റെ ആറ്റങ്ങളോട് ചേർന്ന് ജലമുണ്ടായത് ഉദാഹരണമാണ്.  തുരുമ്പ് ഇരുമ്പിന്റെ ഓക്സൈഡാണ്. ശരീരനിർമ്മാണ തന്മാത്രകളിലും ആഹാരതന്മാത്രകളിലുമെല്ലാം ഈ വാതകമുണ്ട്. ഇങ്ങനെ ഒട്ടുമിക്ക പദാർഥങ്ങളിലും ഓക്സിജന്റെ സാന്നിധ്യമുണ്ട്.

## കത്താൻ വേണം

കത്താൻ സഹായിക്കുന്ന വാതകമാണ് ഓക്സിജൻ. ഊർജം പുറത്തുവിടുകയാണ്  കത്തലിന്റെ ഫലം. അന്തരീക്ഷ വായുവിലെ ഓക്സിജനുമായി ചേർന്ന് വിറക് കത്തുമ്പോഴാണ് പാചകത്തിനും മറ്റും ആവശ്യമായ ഊർജം ലഭിക്കുന്നത്.

## ഇളംനീല ഓക്സിജൻ

അന്തരീക്ഷ വായുവിൽ ഏറ്റവും കൂടുതലുള്ള രണ്ടാമത്തെ മൂലകമാണ് ഓക്സിജൻ. 21 ശതമാനമാണ് അതിന്റെ സാന്നിധ്യം.

ജന്തുക്കൾ ശ്വസനത്തിനായി സ്വീകരിക്കുന്നത് ഇതാണ്. അന്തരീക്ഷ വായുവിലെ ഓക്സിജന്റെ എഴുപത് ശതമാനവും ഉത്പാദിപ്പിക്കുന്നത് സമുദ്രത്തിലെ ആൽഗകളും മറ്റു സൂക്ഷ്മ ജീവികളുമാണ്. ബാക്കിയുള്ള മുപ്പത് ശതമാനം മാത്രമേ കരയിലെ സസ്യങ്ങൾ ഉത്പാദിപ്പിക്കുന്നുള്ളൂ. മണമോ നിറമോ രുചിയോ ഇല്ലാത്ത വാതകമാണിത്. എന്നാൽ ദ്രാവകാവസഥയിൽ നേർത്ത നീലനിറമാണ്.

അസ്മത്ത് നിഹാല

## കാർട്ടൂൺ -

## വിഷ്ണു



# അപ്പുവിന്റെ മുത്തശ്ശൻ

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ അപ്പു എന്ന് പേരുള്ള ഒരു കുട്ടിയുണ്ടായിരുന്നു. അപ്പുവിന് അവന്റെ മുത്തശ്ശനോട് അതിയായ സ്നേഹമുണ്ടായിരുന്നു. പക്ഷെ അവന്റെ അച്ഛനും അമ്മയ്ക്കും മുത്തശ്ശനെ തീരെ ഇഷ്ടമല്ലായിരുന്നു. ഒരു ദിവസം അപ്പുവിന്റെ അച്ഛന് നഗരത്തിൽ പുതിയ ജോലി കിട്ടി.അപ്പുവിനും മുത്തശ്ശനും അമ്മയ്ക്കും സന്തോഷമായി. അന്ന് രാത്രി ഭക്ഷണം കഴിക്കുമ്പോൾ അച്ഛൻ ഒരു കാര്യം പറഞ്ഞു, "എനിക്ക് പുതിയ ജോലി കിട്ടിയതോടെ നമ്മൾ എല്ലാവരും കൂടി നഗരത്തിൽ പോകേണ്ടിവരും." അപ്പോൾ അമ്മ പറഞ്ഞു, "അതിനെന്താ ?" "അപ്പോൾ എന്റെ സ്കൂളൊക്കെ?" അപ്പു ചോദിച്ചു. "അതെല്ലാം നഗരത്തിലായിരിക്കും മോനെ" "മുത്തശ്ശനേയും നമ്മുടെ കൂടെ കൂട്ടുമോ അച്ഛാ?" അച്ഛൻ, "ഇപ്പോൾ അതുതന്നെയാണ് പ്രശ്നം?" "മുത്തശ്ശനെ കൂട്ടാതെ ഞാൻ എവിടേക്കും വരുന്നില്ല." അപ്പു പറഞ്ഞു. അമ്മ, "അപ്പു.... മിണ്ടാതിരുന്ന് ഭക്ഷണം കഴിക്ക്." മുത്തശ്ശൻ, "നിങ്ങൾ പോയിക്കോളൂ, ഞാൻ ഇവിടെ നിൽക്കാം." അപ്പു, "ഇല്ല..... മുത്തശ്ശനില്ലാതെ ഞാൻ എങ്ങോട്ടും പോവില്ല." അച്ഛൻ, "അച്ഛൻ ഇവിടെ നിൽക്കണ്ട. ഞാൻ അച്ഛനെ വൃദ്ധസദനത്തിൽ കൊണ്ടാക്കാം." അപ്പോൾ മുത്തശ്ശന്റെ കണ്ണിൽനിന്ന് കണ്ണുനീർ കവിളുകളിലൂടെ ഒഴുകി. മുത്തശ്ശൻ തിരികെ ഒന്നും മിണ്ടിയില്ല.

പിറ്റേ ദിവസം രാവിലെതന്നെ അച്ഛൻ മുത്തശ്ശനേയും കൂട്ടി വൃദ്ധസദനത്തിൽ പോയി. മുത്തശ്ശനെ അവിടെ നിർത്തിയിട്ട് അവർ യാത്രയായി. അപ്പോൾ അമ്മ പറഞ്ഞു, "ഇപ്പോഴാണ് കുറച്ച് സമാധാനം കിട്ടിയത്." അച്ഛൻ, "ആ.... ശരിയാണ്." അപ്പു ഒന്നും മിണ്ടിയില്ല. കുറച്ചു സമയം കഴിഞ്ഞപ്പോൾ അപ്പു അച്ഛനോട് ചോദിച്ചു, "അച്ഛാ... അച്ഛനേയും ഞാൻ ഇതുപോലെ ചെയ്താൽ അച്ഛനും മുത്തശ്ശനെപോലെ തന്നെ വേദന ഉണ്ടാനില്ലേ?" അപ്പുവിന്റെ ചോദ്യം കേട്ട് അച്ഛനും അമ്മയും ആശ്ചര്യപ്പെട്ടു. അപ്പോഴാണ് അച്ഛന് ബോധം വന്നത്, തന്റെ അച്ഛൻ

എത്രമാത്രം വേദനിച്ചിട്ടുണ്ടാകുമെന്ന്.

പിന്നീട് അച്ഛൻ നേരെ വൃദ്ധസദനത്തിലേക്ക് പോയി മുത്തശ്ശനെ കണ്ടു. അച്ഛൻ പറഞ്ഞു, “അച്ഛാ... എന്നോട് ക്ഷമിക്കണം.” അച്ഛൻ മുത്തശ്ശന്റെ കാലുപിടിച്ച് മാപ്പുചോദിച്ചു. എന്നിട്ട് എല്ലാവരുംകൂടി നഗരത്തിൽപോയി സന്തോഷമായി ജീവിച്ചു.

ആദിൽ മുബാരക്ക് അൽഫ പി.എൻ

X C

# വികാരം

എനിക്കൊരു പുസ്തകം വേണം
ഒരു പേനയും
കവിതയെഴുതാനല്ല
കുത്തിവരയ്ക്കണം
കീറിപ്പറിക്കണം
ദയവായി എന്നെ പഴിക്കരുത്
കീറിയ താളുകൾ വലം കൈയിൽ
ചുരുട്ടിപ്പിടിക്കണം
എറിയണം
ചവിട്ടി ഞെരിക്കണം
പിന്നെ?
പിന്നെ കരയണം പൊട്ടി പൊട്ടി.

നിഹാല-- IX C

# വേണമെനിക്ക്

കാലമേ...
വേണമെനിക്കെന്റെ നിഷ്ക്കളങ്ക ബാല്യത്തെ
പകരമായ് എന്തും നൽകാം ഞാൻ
തരണമെനിക്ക്
ഒരായിരം മധുരിക്കും ഓർമ്മകൾ മാത്രം
സമ്മാനിച്ച കുസൃതിയും കുറുമ്പും
നിറഞ്ഞ എന്റെ ബാല്യത്തെ
ചില്ല വാതിലുകൾക്കപ്പുറം ഇറ്റിറ്റു വീഴുന്ന
മഴത്തുള്ളിയെ കണ്ണിമയ്ക്കാതെ
നോക്കിനിന്ന എന്റെ ബാല്യം
പെയ്തൊഴിഞ്ഞ മഴയിൽ മുറ്റത്തെ
മുല്ലവള്ളിയിൽ നിന്നും പൊഴിഞ്ഞു വീണ
മഴത്തുള്ളിയെ പ്രണയിച്ചിരുന്ന എന്റെ ബാല്യം
വിരഹമുണർത്തുന്ന, വേദനിപ്പിക്കുന്ന
വേദനിക്കുന്ന ഈ യൗവ്വനം തിരിച്ചെടുത്ത്
നൽകേണം എനിക്കു നീ
ഒരിക്കൽക്കൂടി എന്റെ ബാല്യത്തെ...

- അബ്ദുള്ള സിനാൻ സഹസാബ്

# മഴ വന്നു

മിന്നൽപ്പിണറുകൾ വാരിയെറിഞ്ഞ്
മണ്ണിൽ ചറപറ മഴ വന്നു
ചടപട ഇടിയുടെ താളം കേൾക്കാം
ഇടവപ്പാതിയണഞ്ഞല്ലോ....
കുടചൂടുന്ന കുട്ടികൾക്കെല്ലാം
കുളിരല നിവർത്തി മഴ വന്നു
പുഴയും വയലും തോടും കുളവും
ഒരു പോൽ വെള്ളം പൊങ്ങുന്നു
ചോറിയൻ തവളകൾ 'പ്രോക്രോം' പാടി
തിരതല്ലുന്നുണ്ടാഹ്ലാദം
തലവഴി കമ്പിളി മൂടിയുറങ്ങാൻ
കൊതിയുണ്ടല്ലോ കുട്ടർക്കല്ലോ ?

– IXth c

ഇഹ്സാന

# കുഞ്ഞുണ്ണിമാഷുടെ

# കുഞ്ഞുപദേശങ്ങൾ

- ആശയം ശരിയാവാതെ ആവിഷ്ക്കരണം ശരിയാവില്ല.
- സത്യമെഴുതുക...... സുന്ദരമാക്കുക.....
- ചെറുകഥയിൽ ഒരു വാക്യമെന്നല്ല, വാക്കെന്നല്ല, ഒരക്ഷരം പോലും അധികമാകരുത്.
- തോന്നിയതുടനെ എഴുതരുത്, എഴുതിയതുടനെ അയക്കരുത്.
- മനസ്സിന്റെ ഭാഷയിൽ പറഞ്ഞാലേ മനസ്സിൽ തട്ടുകയുള്ളൂ....
- അമ്മ എന്ന് പറയേണ്ടിടത്ത് മാതാവ് എന്ന് പറയരുത്.
- സാഹിത്യസൃഷ്ടിക്ക് സഹായിവയന.
- നല്ല ജീവിതമുണ്ടോ, നല്ല ഭാഷയുമുണ്ടാകും.

IXth B

ഫായിസ റിൻഷ

# പ്രസംഗവും പ്രവർത്തിയും

കാട്ടിൽ ഒരു പൊതുസമ്മേളനം നടന്നു. പലരും പ്രസംഗിച്ചു. പ്രസംഗകരിൽ ഒരാളായിരുന്ന മുയൽ ആവേശത്തോടെ ഇങ്ങനെ പറഞ്ഞു.

'അതിക്രമങ്ങളുടെ വിളനിലമാണ് ഈ കാട്. കിട്ടിയവർക്ക് കിട്ടി, ഇല്ലാത്തവർക്കില്ല എന്നതാണ് അവസ്ഥ. ഇക്കണക്കിനു പോയാൽ നാം എവിടെ ചെന്നെത്തുമെന്നറിയില്ല. എല്ലാവർക്കും ന്യായമായ വിഹിതം അനുഭവിക്കാൻ അവസരമുണ്ടാകണം. എന്നാണ് എന്റെ ശക്തമായഅഭിപ്രായം. അതിനുവേണ്ടി നാം പടപൊരുതുകയും വേണം.'

'കൊള്ളാം. പ്രസഗം പൊടിപൊടിപ്പനായിട്ടുണ്ട് !' ഒരു സിംഹം കൈയടിച്ചു പറഞ്ഞു. രോമാവൃതമായ കാലുകൾ ! പക്ഷേ, അതിൽ ഞങ്ങൾക്കുള്ളതുപോലെ നീണ്ട നഖങ്ങളില്ല. വായിൽ കൂർത്ത പല്ലുകളുമില്ല എന്ന കുറ്റമേ പറയാനുള്ളൂ.

പ്രസംഗിക്കാൻ എളുപ്പമാണ്. പ്രവർത്തിയിൽ കൊണ്ടുവരാൻ വേറെ ചില ഗുണങ്ങൾക്കൂടി വേണം.

ആയിഷ. എ

X$^{th}$ A

# എന്റെ കളിക്കൂട്ടുകാരി

അമ്മയാണെനിക്കെന്നും
കൂടെയുള്ളൊരു കളിത്തോഴിയും
എന്തും പറഞ്ഞിടാം,നല്ലതു
മാത്രം തിരഞ്ഞെടുത്തിടും
എനിക്കു നല്ലതുമാത്രം വരുവാൻ
എന്നും ഭഗവാനോടോതും
കാണുന്ന ദൈവമാണമ്മയെങ്കിലും
എൻ കളിക്കൂട്ടുകാരിയാണമ്മ
സ്നേഹത്തിൽ ഭാഷ വശമെങ്കിലും
കൂടെ കോപത്തിൻ അലയും കലർന്നിടും
ഒരുനാൾ കടന്നങ്ങുപോകില്ല ഒന്നും
എൻ കളിക്കൂട്ടുകാരിയാണമ്മ
ഇനിയെത്ര ഞാൻ വളർന്നാലും
എന്നമ്മയുടെ മടിയിൽ തലചായ്ക്കാൻ
ഏറെ കൊതിപ്പൂഞ്ഞാനിന്നും
എൻ കൂട്ടുകാരിയാണമ്മ
എത്രതകർന്നാലും അമ്മ
എന്നോപ്പ മുണ്ടെന്നൊരോർമ്മ
അതു മാത്രം മുണ്ടെനിക്കെന്നും
ഒരു കുഞ്ഞായി ജീവിക്കാനെനിക്കെന്നും
എന്നമ്മ മതിയെനിക്കെന്നും
ഒറ്റ മകളായ് പിറന്നു
കൂടെ അമ്മയുണ്ടെന്നും എനിക്കൊപ്പം
എൻ കളിക്കൂട്ടുകാരിയാണമ്മ

-നിഖിത ചന്ദ്രൻ-

# THE SEA !

- When I sit near the sea.
- I feel like my mother sits near to me.
- When a wind comes from the sea.
- My heart clears and fills with happiness.
- When the waves touch my feet.
- I feel my parents are calling to the
- paradise.
- When sun set I saw two twinkling stars at
- sky.
- I feel like my parents are smiling to me.
- When I sit near the sea.
- I feel like my mother sits with me

IX-C
Ramlath Shafeela

# പോയിമറയുന്ന  നിമിഷങ്ങൾ

അറിയാതടുത്ത്  പോയെങ്കിലും
പിരിയുവാനാവില്ലിനി
പിരിയുകയല്ലാതെ  വഴിയില്ല  വേറെ
മനസ്സിൻെറ  അകത്താളുകളിലെവിടെയോ
ഓർമയായ്  മറയുകയാണോ  സുന്ദരനിമിഷങ്ങൾ
ഓർക്കുവാൻ  സുഖമുള്ള  നോവുകൾ
തന്നെവിടെക്കോ.....
പോയി  മറയുകയാണോരോ നിമിഷവും
ഓരോന്നായ്  കൊഴിഞ്ഞു
പോകുമ്പോൾ
വിരഹത്തിൻ  വേദന കൂട്ടുന്നതോർക്കുന്നു
നാളെയുടെ  സൂര്യനുദിക്കുമ്പോൾ
ഇന്നലകളുടെ മധുര  ഓർമകൾ
മനസ്സിൽ എന്നും  അണയാത്ത
ദീപമായി തെളിയുന്നു

നഫീസ നസ്ല

# പ്രകൃതി

മഴവില്ലിന് അഴക് വിരിയുന്ന പ്രകൃതി
സുന്ദരപച്ചപ്പ് മൂടിയൊരുങ്ങി പ്രകൃതി
ഇളം തെന്നലിലാടി രസിക്കുന്ന ഇലകൾ
പുഴയിൽ നീന്തിതുടിക്കുന്ന പരൽമീൻ
നീലക്കുളിർ തഴുകിയുണർത്തുന്ന
വാനം വെളിച്ചം തൂകുന്ന സൂര്യൻ
കണ്ണിൽ കുളിർ നൽകി നിൽക്കും
പ്രകൃതി
നോവെല്ലാം മാറ്റും പ്രകൃതിതൻ
സൗന്ദര്യം

IX -E
ഉമ്മു ഹലീമ ഫിദ

# പെയ്ന്റിങ്



IX-D
വിഷ്ണു ഉദയ്

# INTERNATIONAL YEAR OF PERIODIC TABLE OF CHEMICAL ELEMENTS

# IYPT 2019

**പിരിയോഡിക് ടേബിൾ കേവലം ഒരു ഗൈഡോ, കാറ്റലോഗോ മാത്രമല്ല, പ്രപഞ്ചവീക്ഷണത്തിനായി തുറന്നിടപ്പെട്ട ഒരു ജാലകം കൂടിയാണ്. ആവർത്തനസിദ്ധാന്തം അല്ലെങ്കിൽ നിയമം കണ്ടുപിടിച്ചതിന്റെ നൂറ്റിയമ്പതാം വാർഷികവും ഇക്കൊല്ലം തന്നെയാണ്. രസതന്ത്രപഠനത്തിന്റെ നട്ടെല്ലായ ആവർത്തികപ്പട്ടികയെക്കുറിച്ച് കൂടുതൽ അറിയാം.....**

ഭൂമുകത്ത് മാത്രമല്ല, പ്രപഞ്ചമൊട്ടാകെ കാണപ്പെടുന്ന ദ്രവ്യത്തിന്റെ ആകൃതിയും പ്രകൃതിയും പ്രവചിക്കാൻ ശാസ്ത്രജ്ഞരെ സഹായിക്കുന്നതാണ് പിരിയോഡിക് ടേബിൾ. ഭൂമിയിൽ സ്വഭാവികമായി കാണപ്പെടുന്നതോ, മനുഷ്യനിർമിതമോ ആയ നൂറിലധികം വ്യത്യസ്തമൂലകങ്ങളുടെ സ്വഭാവത്തെ പ്രവചിക്കാൻ ഉതകുന്ന

നിയമസംഹിത കൂടിയാണ് ഈ പട്ടിക. രസതന്ത്രത്തെ സംബന്ധിച്ച മറ്റൊരു മഹത്തായ സംഭവത്തിനുകൂടി 2019 വർഷം സാക്ഷിയാകുന്നു. രസതന്ത്രജ്ഞരുടെ സംഘടനയായ ഇന്റർനാഷണൽ യൂണിയൻ ഓഫ് പ്യൂവർ ആന്റ് അപ്ലൈഡ് കെമിസ്ട്രി ഐ.യു.പി.എ.സി. യുടെ സ്ഥാപനത്തിന്റെ ശതാബ്ദി 2019-ൽ ആഘോഷിക്കുന്നു. യുനെസ്കോയുടെ കലണ്ടറിൽ ജൂലായ് 28, IUPAC യുടെ നൂറാം പിറന്നാളായി രേഖപ്പെടുത്തിയിട്ടുണ്ട്.

# സഹോദരിയുടെ സ്നേഹകഥ

അന്നയും മേരിയും സഹോദരികളാണ്. അന്ന എല്ലാ ജോലിയും ചെയ്യുന്ന നല്ല കുട്ടിയാണ്. പകരം മേരിയോ, മഹാവികൃതിയും എല്ലാ കള്ളത്തരങ്ങളും ചെയ്യുന്നവളും. അന്ന മേരിയെ വളരെ അധികം സ്നേഹിച്ചിരുന്നു. എന്നാൽ മേരി അന്ന പ്രാർത്ഥിക്കുമ്പോൾ അവളുടെ പുറകിൽ ചവിട്ടുമായിരുന്നു. പക്ഷെ, അന്ന മേരിയെ വഴക്കൊന്നും പറയാറില്ല കാരണം അന്ന നല്ല കുട്ടിയാണ്.

ഒരു ദിവസം മേരിയും അന്നയും കിടക്കാൻ പോകുമ്പോൾ അമ്മ വന്ന് അന്നയോട് പറഞ്ഞു, "നാളെ എണീക്കുമ്പോൾ മേരിയെ സ്ക്കൂളിൽ പോകാൻവേണ്ടി വിളിക്കണം." അന്ന അമ്മയോട് ശരി എന്ന് പറഞ്ഞു. രാവിലെ എണീറ്റപ്പോൾ, അന്ന മേരിയെ വിളിച്ചു, "എണീക്ക് മേരി....സമയം ഏഴ് തികഞ്ഞു." മേരി പറഞ്ഞു, "ശരി, ഞാൻ എണീച്ചോളാം." മേരി എണീക്കുമെന്ന പ്രതീക്ഷയിൽ അന്ന അപ്പുറത്തേക്ക് പോയി. മേരിയുടെ മനസ്സിൽ അന്നയ്ക്ക് അമ്മയുടെ കൈയ്യിൽനിന്ന് അടി കിട്ടണമെന്ന് ആഗ്രഹമുണ്ടായിരുന്നു. അവൾ വീണ്ടും കിടന്നു. അമ്മ റൂമിചേക്ക് വന്നപ്പോൾ മേരി ഉറങ്ങുന്ന കാഴ്ചകണ്ടു. സമയമാണെങ്കിൽ വളരെ വൈകി. ദേഷ്യം വന്ന അമ്മ അന്നയെ വിളിച്ചു, "എടീ അന്നെ, നിന്നോട് ഞാൻ അവളെ വിളിക്കാൻ പറഞ്ഞിട്ട് നീ വിളിച്ചില്ലാലേ?" അന്ന പറഞ്ഞു, "അല്ലാ അമ്മേ, ഞാൻ വിളിച്ചതാ. അവൾ എണീക്കാഞ്ഞിട്ടാ." അമ്മ, "കള്ളം പറയുന്നോടീ?" അമ്മ അന്നയ്ക്ക് നല്ല അടി കൊടുത്തു. മേരി ഇതെല്ലാം ഇടക്കണ്ണിൽ കാണുന്നുണ്ടായിരുന്നു.

അങ്ങനെ ഒരു ദിവസം അമ്മ പുറത്തു പോകുമ്പോൾ,

മാവ് കുഴച്ച് അപ്പം ചുടാൻ അന്നയെ ഏൽപ്പിച്ചു. അന്ന അത് ചെയ്യാൻ പോകുമ്പാൾ, മേരി മാവ് തട്ടി താഴെയിട്ടു. അന്ന ഒന്നും പറയാതെ വേഗം അത് വൃത്തിയാക്കാൻ തുടങ്ങി. പെട്ടെന്ന് അമ്മ വന്നു. എന്നിട്ട് ചോദിച്ചു, “എന്താ അന്നേ നീ കാണിച്ചേ...” “അവൾ മാവ് തട്ടി താഴെയിട്ടതാ അമ്മേ”, മേരി കള്ളം പറഞ്ഞു. പാവം അന്നയ്ക്ക് കണക്കിനുകിട്ടി. അവൾ മിണ്ടാതെ കരഞ്ഞു.

ഒരു ദിവസം അന്നയും മേരിയും സ്ക്കൂളിൽ പോയപ്പാൾ അവരുടെ ക്ലാസ്സിലെ ഒരു കുട്ടിയുടെ പേന കാണാതായി. എല്ലാവരും മേരിയെ സംശയിച്ച് സാറിനോട് പറഞ്ഞു. പാവം, സാറിന്റെ കൈയ്യിൽനിന്ന് മേരിക്ക് നല്ലപോലെ കിട്ടി. അന്നയ്ക്ക് ഇത് സഹിച്ചില്ല. അവൾ അന്വേഷിച്ചപ്പോൾ ആ കളഞ്ഞുപോയ പേന വേസ്റ്റ് ബാസ്കറ്റിൽനിന്ന് കിട്ടി. അവൾ വേഗംപോയി ആ പേന സാറിനെ ഏൽപ്പിച്ച് മേരിയെ മോചിതയാക്കി. മേരിക്ക് വല്ലാത്ത കുറ്റബോധം തോന്നി. അവൾ അന്നയോട് ചെയ്ത തെറ്റിന് മാപ്പ് പറഞ്ഞു. പിന്നീട് മേരി നല്ലവളായി മാറി.

നഫീസത്ത് ഷഹാന ഫറീൻ. കെ.

## പെയ്ന്റിങ്



IX-D

വിഷ്ണു ഉദയ്

# പുതുവർഷം

# വിവിധ രാജ്യങ്ങളിൽ

- 'ലൂണാർ ന്യൂ ഇയർ' എന്ന പേരിൽ അറിയപ്പെടുന്ന പുതുവർഷം ചൈനീസ് കലണ്ടർ പ്രകാരം വരുന്ന ഒന്നാം മാസത്തിന്റെ ഒന്നാംദിവസം ചൈനക്കാർ ആചരിക്കുന്നു.
- ഗ്രിഗോറിയൻ കലണ്ടർ പ്രകാരം 1873 ജനുവരി ഒന്നുമുതൽ 'ഒമിസോക' എന്ന പേരിൽ ജപ്പാൻ ജനത പുതുവർഷം ആചരിച്ചുവരുന്നു.
- 'നൗറസ് ' എന്ന പേരിലാണ് ഇറാൻ ജനത മാർച്ച് 20-ന് പുതുവർഷം കൊണ്ടാടുന്നത്.
- അസീറിയൻ ക്രൈസ്തവർ തിങ്ങിപ്പാർക്കുന്ന ഇറാക്കിൽ 'റിഷ് നിസാനു' എന്ന പേരിൽ ഏപ്രിൽ ഒന്നിന് പുതുവർഷം ആഘോഷിക്കുന്നു.1997-ൽ റിപ്പബ്ലിക്ക് ഓഫ് വെനീസ് ഇല്ലാതാകുന്നതുവരെ വെനീസ് ജനത മാർച്ച് ഒന്നിന് പുതുവർഷം ആചരിച്ചുവന്നിരുന്നു.
- എ.ഡി. 1582-ൽ പോപ്പ് ഗ്രിഗറി 13, ജൂലിയൻ കലണ്ടർ പരിഷ്ക്കരിക്കുകയും ഗ്രിഗോറിയൻ കലണ്ടർ പ്രകാരം ജനുവരി ഒന്ന് പുതുവർഷമായി പ്രഖ്യാപിക്കുകയും ചെയ്തു.
- ദീപാവലിക്കുശേഷം വരുന്ന നാലാം ദിവസമാണ് നേപ്പാൾ ജനത പുതുവർഷമായി കൊണ്ടാടുന്നത്.
- കോപ്റ്റിക്ക് ഓർത്തഡോക്സ് ജനത ഗ്രിഗോറിയൻ കലണ്ടർ പ്രകാരം സെപ്റ്റംബർ 11-ന് നെയ്റൂസ് എന്ന പേരിൽ

പുതുവർഷം ആചരിക്കുന്നു.

- ആഫ്രിക്കൻ കടൽ ദേവതയായ 'ലെമഞ്ജ'യുടെ ഓർമദിനമായി ഡിസംബർ 31-ന് ബ്രസീലുകാർ പുതുവർഷം ആചരിക്കുന്നു.
- സ്വിറ്റ്സർലൻഡിലെ വീട്ടമ്മമാർ ഡിസംബർ 31-രാത്രി ഉറക്കമിളച്ച് പ്രത്യേക ബ്രഡ് നിർമിച്ച് പുതുവർഷം കൊണ്ടാടുന്നു.
- ഭാഗ്യം വരുമെന്ന പ്രതീക്ഷയിൽ ചീട്ടുകളിയോടുകൂടിയാണ് ഗ്രീസിലെ ജനങ്ങൾ പുതുവർഷം ആഘോഷിക്കുന്നത്.
- ആദ്യം വീട്ടിൽ വരുന്നയാൾ കറുത്ത തലമുടിക്കാരനാണെങ്കിൽ വർഷം മുഴുവനും ഭാഗ്യം എന്നു വിശ്വസിക്കുന്ന സ്കോട്ട്ലാൻഡിൽ 'ഹോഗ്മോണ' എന്ന പേരിൽ പുതുവർഷം അറിയപ്പെടുന്നു.
- പുരാതന ഈജിപ്തിൽ നൈൽ നദി കരകവിഞ്ഞൊഴുകിയിരുന്ന സെപ്റ്റംബർ അവസാന ദിവസങ്ങളിൽ ഒന്നിലാണ് പുതുവർഷം ആചരിച്ചിരുന്നത്.

# _ഡിസംബർ 11 ലോക പർവ്വതദിനം

## ഭൂമിയുടെ സ്മാരകങ്ങൾ

പർവ്വതങ്ങളുടെ  സംരക്ഷണം മനുഷ്യകുലത്തിന്റെ സംരക്ഷണം കൂടിയാണ് ജീവൻ നിലനിർത്തുന്ന തിൽ പർവ്വതങ്ങൾ വഹിക്കുന്ന പങ്കിനെക്കുറിച്ചും പർവ്വതങ്ങൾ നിലനിൽക്കേണ്ടതിന്റ    ആവശ്യകതയെക്കുറിച്ചും പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുക പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് ഐക്യരാഷ്ട്രസഭ 2003 മുതൽ ഡിസംബർ 11 ലോക പർവ്വതദിനമായി ആചരിക്കുന്നത്

സമുദ്ര നിരപ്പിൽ നിന്ന് 900 മീറ്ററിൽ കൂടുതൽ ഉയരമുള്ള മൺതിട്ടകളെയാണ് പർവ്വതങ്ങൾ എന്നു പറയുന്നത് ഭൂമിയുടെ സമതുലനാവസ്ഥ നിലനിർത്തുന്നത് ഈ പർവ്വതങ്ങളാണ് ഭൂമിയുടെ എയർകണ്ടീഷൻ എന്നു വിശേഷിപ്പിക്കുന്ന പർവതങ്ങൾ    ശുദ്ധജലത്തിന്റെ മൊത്ത സംഭരണകേന്ദ്രംകൂടിയാണ്  ചെറിയ ഒരു മല പോലും ലക്ഷക്കണക്കിന് മെടിക്ക്  ജലം ഉള്ളിൽ സംഭരിച്ചുവെക്കുന്നുണ്ട്

# ചൊവ്വയിൽ ജലസാന്നിധ്യം വീണ്ടും

ചൊവ്വയിൽ ജീവനുള്ള സാധ്യത തെരഞ്ഞുകൊണ്ടുള്ള അന്വേഷണങ്ങൾക്ക് വഴിത്തിരിവായി പുതിയൊരു കണ്ടെത്തൽകൂടി കഴിഞ്ഞ ദിവസം പുറത്തു വന്നു യൂറോപ്യൻ ബഹിരാകാശ എജൻസിയുടെ മാർസ് എക്സ്പ്രസ് ഓർബിറ്ററാണ് ചോവ്വയിൽ ജലം ഖരരൂപത്തിൽ ഉറഞ്ഞു കിടക്കുന്ന വലിയ ഗർത്തത്തിന്റെ ചിത്രം ഭൂമിയിലെത്തിച്ചത് ചൊവ്വയുടെ ഉത്തരധ്രുവ പ്രദേശത്തിന് അടുത്തുള്ള കൊറോലേവ് ഗർത്തത്തിലാണ് ഐസിന്റെ സാന്നിധ്യം കണ്ടെത്തിയത് 81.5 കിലോമീറ്റർ വ്യാസവും രണ്ടു കിലോമീറ്ററിലധികം അഴവുമുള്ള ഭീമൻ ഗർത്തമാണിത് ഇതിനുള്ളിലായി 60 കിലോമീറ്ററോളം വ്യാസവും 1.8 കിലോമീറ്ററോളം ആഴവുമുള്ള ഐസ് പാളിയാണ് കണ്ടെത്തിയത് 2200 ക്യൂബിക് കിലോമീറ്ററാണ് ഇതിന്റെ വ്യാപ്തം *ചൊവ്വയിൽ പൊതുവേ ജലത്തിന് നിലനിൽക്കാൻ പറ്റിയ അന്തരീക്ഷമല്ല ഉള്ളത് വളരെ കുറഞ്ഞ അന്തരീക്ഷമർദം ജലത്തിന്റെ ബാഷ്പീകരണത്തിനും ഐസ് നേരിട്ട് വാതകരൂപത്തിലേക്ക് മാറന്ന പ്രതിഭാസമായ ഉത്പതനത്തിനും* കാരണമാകുന്നു (sublimation) എന്നാൽ ആഴം കൂടിയ ഗർത്തം ഒരു ശീതക്കെണിയായി പ്രവർത്തിക്കുന്നു ചൊവ്വയിലെ കട്ടികുറഞ്ഞ *വായു ഐസിന് മുകളിൽത്തട്ടി തണത്ത്*

താണിറഞ്ഞി അതിനു മുകളിൽ ഒരു സംരക്ഷണ പാളി തീർക്കുന്നു ഇത് ചൂടുള്ള അന്തരീക്ഷവുമായി സംമ്പർക്കത്തിൽ വരുന്നത് തടഞ്ഞ് ഐസിനെ ഉരുക്കാതെ സൂക്ഷിക്കുന്നു. ഗർത്തത്തിന്റെ വായ് ഭാഗം ചുറ്റുപാടാൽനിന്നും ഉയർന്നു നിൽക്കുന്നതു കൊണ്ടാണ് ഇത് സാധ്യമാകുന്നത്. ഉത്തരധ്രുവത്തിൽ തന്നെയുള്ള 36 കിലോമീറ്റർ വ്യാസമുള്ള ലൌത്ത് ഗർത്തത്തിലും സമാനമായ രീതിയിൽ ഐസുണ്ടാകാൻ സാധ്യതയുണ്ടെന്ന് ശാസ്ത്രജ്ഞർ കരുതുന്നു

സഹദ് മുഹമ്മദ്
IX-E

# SCHOOL LIFE

School life is the best period of human life. People learn from their childhood from their school. School also helps to build one's character. It is a formative period for everyone. Every student should try to make his life better by making the best use of school life because it is once in a life time opportunity and we will never get the chance to experience it again after the school session.

Firstly every student learns great knowledge from school life. He also learns the importance of discipline and punctuality which allows him to do all the work at the right moment. One must always remember that, if one becomes successful in his student career and his character is built on sound basic; he will be able to shine through any sphere of life and will be able to serve his society and country sincerely.

IX-C
Arifa

# പെയ്ന്റിങ്



IX-D

വിഷ്ണു ഉദയ്

# നന്ദി

ഈ ഡിജിറ്റൽ മാഗസിൻ നിർമ്മാണവുമായി സഹകരിച്ച ഞങ്ങളുടെ എല്ലാ അദ്ധ്യാപകർക്കും കൂട്ടുകാർക്കും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പേരിൽ നന്ദി രേഖപ്പെടുത്തുന്നു .